## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5014 — 24.07.2015 -ലെ മറുപടിക്ക്

## തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.അജിത് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിലെ ഏതെല്ലാം ബോർഡുകളുടെ കീഴിലാണ് തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുള്ള തെന്നും ഇതിന്റെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെന്നും ഏതുവിധത്തിലാണ് ഇതിന്റെ അപേക്ഷ നൽകേണ്ടതെന്നും വ്യക്തമാക്കുമോ? | (എ) തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമ ബോർഡ് എന്നീ ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികളുടെ മക്കളിൽ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് അടിസ്ഥാന ത്തിൽ പ്രവേശനം ലഭിച്ച് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുള്ളത്.<br><br>ഇതിലേയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് താഴെപറയുന്ന മാന ദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്.<br><br>1. ക്ഷേമനിധികളിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് ബോർഡിൽ സജീവ അംഗത്വമുായിരിക്കേണ്ട തും അംശദായ കുടിശിക ഇല്ലാത്തവരുമായിരിക്കണം.<br><br>2. കുട്ടികൾ കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നടത്തുന്ന പൊതു പ്രവേശന പരീക്ഷയിലൂടെ സർക്കാർ/ സ്വകാര്യ/പ്രൊഫഷണൽ കോളേജു കളിൽ പൂർണ്ണമായും മെറിറ്റ് അടിസ്ഥാന ത്തിൽ അഡ്മിഷൻ നേടിയവരാ |

യിരിക്കണം. (എം.ബി.ബി.എസ്, എഞ്ചിനീയറിംഗ്, ബി.എസ്.സി അഗ്രികൾച്ചർ, വെറ്റിനറി സയൻസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ് എന്നി കോഴ്സുകൾക്കും)

3. ദേശീയതലത്തിൽ പൊതു പ്രവേശന പരീക്ഷ യിലൂടെ മേൽ പറഞ്ഞ കോഴ്സുകളിൽ അഡ്മിഷൻ നേടിയവർ

4. സംവരണ വിഭാഗങ്ങളിൽ ക്വാട്ട/മെറിറ്റ് അടിസ്ഥാനത്തിൽ യോഗ്യത നേടിയവർ.

5. ലാപ്ടോപ്പ് വാങ്ങുന്നത് സ്റ്റോർ പർച്ചേസ് റൂളിലെ വ്യവസ്ഥകൾക്ക് വിധേയ മായിട്ടായിരിക്കണം.

6. എല്ലാ ബോർഡുകളിലും പൊതു നിലവാരത്തിലുള്ള അംഗീകൃത ലാപ്ടോപ്പുകളായിരിക്കണം വാങ്ങി നൽകേ ണ്ട ത്.

7. ലാപ്ടോപ്പ് വിതരണത്തിനാവശ്യമായ തുക അതാത് ബോർഡുകൾ തന്നെ വഹിക്കണം.

ഇതിലേയ്ക്ക് അതാത് ബോർഡ് തയ്യാറാക്കിയ നിശ്ചിത അപേക്ഷാഫോറത്തിൽ ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ മുഖേന അപേക്ഷ സമർപ്പിക്കേണ്ട താണ്.

(ബി) മറ്റ് ബോർഡുകളിലും തൊഴിലാളികളുടെ മക്കൾക്ക് വിവരസാങ്കേതിക നിലവാരം വർദ്ധിപ്പിക്കുന്നതിന് പഠനോപകരണങ്ങൾ നൽകുന്നത് വ്യാപിപ്പിക്കുമോ?

(ബി) സാമ്പത്തികമായി സുസ്ഥിരമായ ക്ഷേമനിധി ബോർഡുകൾ സ്വന്തം ഫണ്ട് ഉപയോഗിച്ചാണ് ലാപ്ടോപ്പ് വിതരണം നടത്തിയിട്ടുള്ളത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകൾ ലാപ്ടോപ്പ് വിതരണം ചെയ്യുന്നത് ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ